# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 5 Reg NO.TNBIL/2016/70171 ISSUE - 5
MAY - 2021 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/-

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333 This No. is for SMS Purpose only

ജാമക്കാരൻ വായനക്കാർക്ക് ഏവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ,



## “അനുസരിക്കുന്നതാണ് ശ്രേഷ്ഠം!”

ഏകദേശം **200 വർഷത്തോളം** യിസ്രായേലിൽ ഒരു പ്രവാചക ശബ്ദവും ഇല്ലായിരുന്നു. പുരോഹിതന്മാർ സദാചാരമില്ലാത്തവരും ജനം ദൈവീക കാര്യങ്ങളിൽ നിഷ്ഠയില്ലാത്തവരുമായിത്തീർന്നു. ഈ പശ്ചാത്തലത്തിലാണ് ദൈവം **ശമുവേൽ** എന്ന ഒരു യുവാവിനെ വിശ്വസ്തപുരോഹിതനും ധീരനായ പ്രവാചകനുമായി എഴുന്നേൽപ്പിച്ചത്. അവനൊരു ലേവ്യനും സൗമ്യതയുള്ള മാതാപിതാക്കൾക്ക് പ്രാർത്ഥനയാൽ ലഭിച്ച മകനുമായിരുന്നു. യിസ്രായേലിൽ പ്രവചന ശുശ്രൂഷയുടെ തുടക്കമിട്ടവനായി അവൻ കണക്കാക്കപ്പെടുന്നു. മോശ ഒരു പ്രവാചകന്റെ ശുശ്രൂഷ ചെയ്തതായി

# MAY - 2021

കാണാമെങ്കിലും ശമുവേലിന്റെ കാലത്താണ് തുടർച്ചയായും ക്രമീകൃതമായും ഈ ശുശ്രൂഷ നിലവിൽ വന്നത്. സുവിശേഷത്തിന്റെ നാളുകളെ മുന്നറിയിച്ച പ്രവാചകന്മാരുടെ നിരയിൽ **ശമുവേലിനെയാണ് ഒന്നാമത്തെ വ്യക്തിയായി പുതിയനിയമം എടുത്തുപറയുന്നത്** (അ.പ്ര. 3:24).

ശമുവേലിൽ ദൈവം അനുസരണമുള്ള ഒരു ഹൃദയം കണ്ടു. ദൈവം അവനെക്കുറിച്ചു മുൻകൂട്ടി ഇപ്രകാരം പറഞ്ഞു: എന്റെ ഹൃദയാഭിലാഷം **അനുസരിച്ച് അവൻ പ്രവർത്തിക്കും** (1 ശമു. 2:35). ശമുവേലിൽ അനുസരണത്തിന്റെ ആത്മാവ് ബാല്യകാലം മുതൽക്കേ കാണപ്പെട്ടിരുന്നു. അതിരാവിലെ തന്നെ ഏലി അവനെ വിളിച്ചിരിക്കും എന്ന് വിചാരിച്ച് അവൻ "ഓടി" അവന്റെ കിടക്കയുടെ അരികിൽ ചെന്നു (1 ശമു. 3:5). ദൈവത്തോടുള്ള സമർപ്പണത്തിൽ അവന്റെ ശുശ്രൂഷ ആരംഭിച്ചു. "അരുളിചെയ്യേണമേ. അങ്ങയുടെ ദാസൻ കേൾക്കുന്നു"! (വാക്യം 10). അനുസരിക്കുവാനുള്ള ഒരുക്കം ഇവിടെ ഉൾക്കൊണ്ടിരിക്കുന്നു.

നമ്മുടെ ചിന്താവിഷയമായ അനുസരണത്തെ വീണ്ടും ശക്തിപ്പെടുത്തുവാനെന്നു തോന്നും വിധം "സൈന്യങ്ങളുടെ യഹോവ' എന്ന നാമം വ്യക്തമായി തിരുവചനത്തിൽ ആദ്യം കാണുന്നത് 1 ശമു. 1:3 –ൽ ആണ്. ഒരു സൈന്യത്തിൽ ഏറ്റവും അത്യാവശ്യമായത് സേനാനായകനെ അനുസരിക്കുക എന്നതാണ്! ശമുവേലിന്റെ കാലത്ത് ഭരണം ദൈവീക ഭരണത്തിൽ നിന്നും രാജവാഴ്ചയിലേക്കു മാറിയിരുന്നു. ദൈവത്തോടു അനുസരണക്കേടു കാണിച്ചതിനാൽ **ഒന്നാമത്തെ രാജാവു** തന്നെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ശൗൽ രാജാവ് അനുസരിക്കുന്നതിനു **പകരം വയ്ക്കുവാൻ** ശ്രമിക്കുന്നു. എന്നാൽ ശമുവേൽ പ്രവാചകൻ അവനോട് "അനുസരിക്കുന്നതാണ് ശ്രേഷ്ഠം" എന്ന് ഉറപ്പിച്ചു പറയുന്നു (15:22).

അനുസരണത്തെ ഉപേക്ഷിച്ചിട്ട് പലവിധമായ മതാനുഷ്ഠാനങ്ങൾ കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുവാനായി മനുഷ്യൻ കാലാകാലമായി വ്യർത്ഥമായി പരിശ്രമിച്ചു വരുന്നു. നമ്മെത്തന്നെ ശോധന ചെയ്യുവാനായി

അവയിൽ ചിലത് ചുവടെ ചേർക്കുന്നു. അനുസരിക്കുന്നതാണ് ഏതിനെക്കാളും ശ്രേഷ്ഠം!

## 1. അനുസരണം അറിവിനെക്കാൾ ശ്രേഷ്ഠം

ഇന്നത്തെ നമ്മുടെ ആവശ്യം **കൂടുതൽ വെളിപ്പാടുകൾ അല്ല.** പ്രത്യുത നമുക്ക് ലഭിച്ച വെളിപ്പാടുകളെ അനുസരിക്കുന്നതാണ്. ഇത്രയധികം പഠനവേദപുസ്തകങ്ങളും പഠനോപാധികളും ലഭ്യമായ ഒരു തലമുറ മറ്റൊന്നില്ല. നിരവധി ബൈബിൾ സോഫ്റ്റ്വെയർ പരിപാടികളും പഠനസെമിനാറുകളും മൂലം കഴിഞ്ഞ തലമുറകളെ അപേക്ഷിച്ച് വേദപുസ്തക അറിവിൽ നാം അതിശയിക്കത്തക്കവണ്ണം മുൻപിലാണ് കൺവെൻഷനുകൾ. സമ്മേളനങ്ങൾ തുടങ്ങിയവയിലൂടെ അറിവു വർദ്ധിപ്പിക്കാനായി നാം "അങ്ങോട്ടുമിങ്ങോട്ടും" ഓടുന്നു (ദാനി. 12:4). എന്നാൽ ഇതിന്റെയെല്ലാം പ്രേരകശക്തി അവയെല്ലാം **അനുസരിക്കണം എന്നതിനെക്കാളുപരി അറിയാനുള്ള ആഗ്രഹം മാത്രമല്ലേ?** ഇതായിരുന്നു നമ്മുടെ ആദിമാതാപിതാക്കളുടെയും പാപം. അവർ ദൈവത്തോടുള്ള അനുസരണത്തിൽ നടക്കുന്നതിനെക്കാൾ ഉപരിയായി കൂടുതൽ അറിവ് നേടുവാനായി താത്പര്യപ്പെട്ടു. അതുകൊണ്ടാണ് അവർ വിലക്കപ്പെട്ട അറിവിൻ വൃക്ഷഫലം ഭക്ഷിച്ചത്.

അറിവു സമ്പാദിക്കുന്നതിന് ദൈവം എതിരല്ല. യഥാർത്ഥത്തിൽ ദൈവമാണ് സകലജ്ഞാനത്തിന്റെയും അറിവിന്റെയും ഉറവിടം. എന്നാൽ അറിവു നമുക്കു വലിയൊരു ചുമതല നൽകുന്നു. സത്യത്തെ സംബന്ധിച്ചു പൂർണ്ണമായ അറിവു ലഭിച്ചതിനുശേഷം മനഃപൂർവ്വം നാം പാപം ചെയ്യുന്നെങ്കിൽ പാപങ്ങൾക്കു വേണ്ടി അർപ്പിക്കപ്പെടാൻ **പിന്നൊരു ബലി അവശേഷിക്കുന്നില്ല.** മറിച്ച് ഭയങ്കരമായ ന്യായവിധിയുടെ സംഭീതമായ കാത്തിരിപ്പും ശത്രുക്കളെ വിഴുങ്ങിക്കളയുന്ന അഗ്നിയുടെ ക്രോധവും മാത്രമെ ഉണ്ടായിരിക്കൂ (എബ്രാ. 10:26, 27).

ഇന്ദ്രീയജയം അഥവാ സ്വയനിയന്ത്രണം അനുസരണത്തിന് അത്യന്താപേക്ഷിതമാണ്. ദൈവത്തോടുള്ള ഓരോ "ഉവ്വ്" അർത്ഥമാക്കുന്നത്

ഒരു പക്ഷെ സ്വയത്തോടുള്ള "ഇല്ല" ആയിരിക്കാം. പത്രൊസ് അപ്പൊസ്തലൻ നമ്മെ ഉപദേശിക്കുന്നത് "പരിജ്ഞാനത്തോട് ഇന്ദ്രീയജയം കൂട്ടിക്കൊൾക. അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ചു ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കും" (2 പത്രൊ. 16:8). ക്രിസ്തീയഗോളത്തിലെ ഇന്നത്തെ ഏറ്റവും വലിയശാപം **ഫലമില്ലാത്ത ഇലകൾ തിങ്ങിയ വൃക്ഷങ്ങളാണ്.** നമുക്ക് എത്രമാത്രം വേദപുസ്തകജ്ഞാനമുണ്ടെന്ന് ഓർത്ത് നാം എല്ലാവരും അഹങ്കരിക്കുന്നു. എന്നാൽ നാം എത്രമാത്രം അനുസരിക്കുന്നു എന്നതിന്റെ കണക്കു നോക്കേണ്ട സമയമാണിത്. അപ്പൊസ്തലനായ യാക്കൊബ് തന്റെ പ്രായോഗിക ലേഖനത്തിൽ ഒരു വലിയ വെല്ലുവിളി നൽകുന്നു. "നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ" (യാക്കൊ. 3:13).

പ്രവചനങ്ങൾ പഠിക്കുവാനുള്ള താൽപര്യം ഈ നാളുകളിൽ വീണ്ടും ഉണ്ടായിക്കാണുന്നു. അത് തീർച്ചയായും പ്രയോജനമുള്ളതു തന്നെ. എന്നാൽ "യേശുവിന്റെ സാക്ഷ്യമായ" പ്രവചന സന്ദേശത്തെ വ്യാപിപ്പിക്കുവാൻ നമ്മെ നിർബന്ധിതമാക്കാത്ത പ്രവചനപഠനം കൊണ്ട് എന്തു പ്രയോജനം? (വെളി. 19:10). ഇത് ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുൻപ് ശിഷ്യന്മാർക്കു നൽകിയ ശാനയായിരുന്നു. രാജ്യം പുനഃസ്ഥാപിച്ചു നൽകുന്ന സമയം നിങ്ങൾ അറിയേണ്ട കാര്യമില്ല. രാജ്യവർദ്ധനവിനായി പ്രവർത്തിക്ക മാത്രമാണ് നിങ്ങൾ ചെയ്യേണ്ടത് (അ.പ്ര. 1:6–8 സ്വതന്ത്ര തർജ്ജമ). തന്റെ പരിജ്ഞാനം മൂലം പലരെയും വീണ്ടെടുക്കും എന്നത്രേ യേശുവിനെ സംബന്ധിച്ച് യെശയ്യാവ് പ്രവചനസാക്ഷ്യം നൽകിയിരിക്കുന്നത് (യെശ. 53:11). അതുകൊണ്ടാണ് അവൻ ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടത് (യെശ. 11:2). നേരെ മറിച്ച്, യേശുവിന്റെ കാലത്തെ ന്യായശാസ്ത്രികൾ പരിജ്ഞാനത്തിന്റെ താക്കോൽ കൈവശം വച്ചിട്ട് അവർ കടക്കുന്നതുമില്ല, കടക്കുന്നവരെ തടുക്കുകയും ചെയ്തു (ലൂക്കൊ. 11:52). യേശു അവർക്കു 'അയ്യോ' എന്നു

പ്രസ്താവിച്ചു. നമ്മുടെ അറിവു സമ്പാദനവും സാക്ഷ്യവും തുല്യ അനുപാതത്തിലാണോ?

നമ്മുടെ അറിവിനെ അനുസരണം മൂലം പ്രതികരിച്ചാൽ, കൂടുതൽ അറിവു നൽകി നമ്മുടെ അനുസരണത്തിനു ദൈവം പ്രതിഫലം നൽകും. ''പൂർണ്ണ പ്രസാദത്തിന്നായി കർത്താവിന്നു യോഗ്യമാകും വണ്ണം നടക്കുമെങ്കിൽ നാം അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനത്താൽ വർദ്ധിച്ചു വരും" (കൊലൊ. 1:10). ആകയാൽ, നിങ്ങൾ എപ്രകാരമാണ് കേൾക്കുന്നതെന്ന് സൂക്ഷിച്ചുകൊള്ളുവിൻ. എന്തെന്നാൽ ഉള്ളവനും പിന്നെയും നൽകപ്പെടും. ഇല്ലാത്തവനിൽ നിന്ന് ഉണ്ടെന്ന് അവൻ വിചാരിക്കുന്നതു കൂടെയും എടുക്കപ്പെടും" (ലൂക്കൊ. 8:18).

## 2. അനുസരണം വഴിപാടിനെക്കാളും ശ്രേഷ്ഠം

ശൗൽ രാജാവ് അനുസരണക്കേടിന്റെ ഒരു സ്മാരകമായി തിരുവചനത്തിൽ ശ്രദ്ധിക്കപ്പെടുന്നു രാജാവാകുമ്പോൾ അവനു നൽകപ്പെട്ട ഉടമ്പടിയുടെ കേന്ദ്ര ആവശ്യം അവൻ ലംഘിക്കുന്നു. ശമുവേൽ പ്രവാചകൻ അവനോട്, "നിങ്ങൾ യഹോവയുടെ വാക്കു അനുസരിക്കാതിരുന്നാൽ യഹോവയുടെ കൈ നിങ്ങൾക്കു വിരോധമായിരിക്കും (1 ശമു. 12:14, 15) എന്നു പറഞ്ഞിരുന്നു. എന്നാൽ അമാലേക്യരോടുള്ള യുദ്ധത്തിൽ ശൗൽ **ദൈവത്തെ ഭാഗികമായി മാത്രം അനുസരിച്ചു.** അപൂർണ്ണമായ അനുസരണം അനുസരണക്കേട് ആണ്. സകലതും നശിപ്പിക്കണമെന്ന കർത്താവിന്റെ കൽപ്പനയ്ക്കെതിരായി നല്ല മൃഗങ്ങൾ അവൻ തനിക്കായി എടുത്തു. ശമുവേൽ പ്രവാചകനാൽ ശാസിക്കപ്പെട്ടപ്പോൾ ആ മൃഗങ്ങളെല്ലാം ദൈവത്തിനു യാഗം കഴിപ്പാനാണെന്ന് ശൗൽ വ്യാജം പറഞ്ഞു. ഉടനെ ശമുവേൽ "തന്റെ കൽപന അനുസരിക്കുന്നതോ ദഹനബലികളും മറ്റു ബലികളും അർപ്പിക്കുന്നതോ കർത്താവിനു പ്രീതികരം? **അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം"** എന്നു പറഞ്ഞു അവനെ കുറ്റപ്പെടുത്തി (1 ശമു. 15:22).

അനുസരണക്കേടിനെയും മർക്കടമുഷ്ടിയെയും വിഗ്രഹാരാധനയോടും മന്ത്രവാദത്തോടും ശമുവേൽ ഉപമിച്ചിരിക്കുന്നു (1 ശമു. 15:23). നമ്മുടെ മനസ്സിനെ ദൈവത്തോടുള്ള മത്സരത്തിനായി തിരിക്കുന്നതു പോലെ ദൈവത്തോടു എതിർക്കുന്നതും അവനെ പ്രകോപിപ്പിക്കുന്നതുമായ മറ്റൊന്നും ഇല്ല.

ദൈവത്തിനു മനുഷ്യൻ നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ള ഒന്നാമത്തെ വഴിപാടി കയീൻ അർപ്പിച്ചതാണ് (ഉല്പ. 4:3). അവൻ മാതാപിതാക്കളിൽ നിന്നും ആർജ്ജിച്ച അനുസരണക്കേടിന്റെ ആത്മാവിനാൽ ''തിന്മ പ്രവർത്തിക്കുന്നവൻ'' ആയിരുന്നതിനാൽ അവന്റെ വഴിപാട് നിരസിക്കപ്പെട്ടു (1 യോഹ. 3:12).

ക്രിസ്തു ലോകത്തിൽ പ്രവേശിച്ചത് തന്റെ പിതാവിനോട് ഒരു പ്രതിജ്ഞ എടുത്തുകൊണ്ടായിരുന്നു: ''ബലികളും കാഴ്ചകളും നീ ഇച്ഛിക്കുന്നില്ല. എന്നാൽ ഒരു ശരീരം നീ എനിക്കു ഒരുക്കിയിരിക്കുന്നു... ദൈവമേ ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു'' (എബ്രാ. 10:5–9). ''ന്യാപ്രമാണപ്രകാരമാണ്'' വഴിപാടുകൾ അർപ്പിച്ചതെങ്കിലും അത് അനുസരണത്തിനു പകരമായില്ല (എബ്ര. 10:8). ദൈവത്തോടുള്ള സമ്പൂർണ്ണ അനുസരണജീവിതത്തിന്റെ ഏറ്റവും ഉയർന്ന നിലയാണ് ക്രൂശിന്മേൽ ക്രിസ്തു തന്റെ ശരീരത്തെ ബലി അർപ്പിച്ചത് (എഫെ. 5:2).

അതുകൊണ്ടാണ് നമ്മുടെ ശരീരങ്ങളെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതത്തിനു സമർപ്പിക്കുന്നതാണ് ബുദ്ധിയുള്ള ആരാധനയും ജീവനുള്ള ബലിയുമെന്ന് പൗലൊസ് പ്രബോധിപ്പിക്കുന്നത്. വ്യക്തിപരമായ സമർപ്പണവും അനുസരണവുമില്ലാത്ത ഏതൊരു വഴിപാടും, നിർജ്ജീവ ബലിയും ബുദ്ധിയില്ലാത്ത ആരാധനയും ആയിരിക്കും. നമ്മുടെ വഴിപാടുകൾ സർവ്വശക്തനായ ദൈവത്തോടുള്ള ഹൃദയപൂർവ്വമായ അനുസരണത്തിന്റെ പ്രകടനം ആയിരിക്കണം. ഉപ്പ് ചേർക്കാത്ത ഒരു വഴിപാടും സ്വീകാര്യമല്ല (മർക്കൊ. 9:49). അനുസരണമാണ് ആ ഉപ്പ്.

ദൈവജനത്തിലേക്ക് സോദോം–ഗോമെറായുടെ ആത്മാവ് ഇരച്ചു കയറിക്കൊണ്ടേയിരിക്കുന്നു. അനുസരണക്കേട്, എതിർക്കൽ, ഹൃദയകാഠിന്യം, നിർബന്ധബുദ്ധി തുടങ്ങിയവയാണത്. ദൈവം നമ്മെ ഓർത്ത് ഇപ്രകാരം വിലപിക്കുന്നു, “നിങ്ങളുടെ ബലികളുടെ ബാഹുല്യം എനിക്ക് എന്തിനു? (യെശ. 1:10, 11). നമുക്ക് എല്ലാത്തരത്തിലുള്ള ആപ്തവാക്യങ്ങളും ഉണ്ട്: യേശു സ്നേഹിക്കുന്നു! **യേശു ജീവിക്കുന്നു! യേശു വിളിക്കുന്നു! യേശു വരുന്നു!** എന്നാൽ ഏറ്റവും പ്രധാനപ്പെട്ടതിനെ നാം ഉപേക്ഷിച്ചു കളഞ്ഞു: **യേശു വിലപിക്കുന്നു!**

ഒന്നാമത്തെ കൽപ്പനയ്ക്ക് തുല്യമായ രണ്ടാമത്തെ കൽപ്പനയാണ് നമ്മെപ്പോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കുക എന്നത്. എന്നാൽ പക, കോപം, അസൂയ, പിണക്കം, അപവാദം, കള്ളം എന്നിവയോടു കൂടെ ധൈര്യപൂർവ്വം നമ്മുടെ കാഴ്ചകളുമായി അൾത്താരിയിലേക്കു നാം നടന്നു ചെല്ലുന്നു. ഇപ്രകാരം ദൈവത്തെ വശീകരിക്കുക സാദ്ധ്യമല്ല. ദൈവം ആദ്യമാതാപിതാക്കളുടെ ആദ്യജാതന്റെ ആദ്യ വഴിപാടിനെ തള്ളിക്കളഞ്ഞവനാണ്. അവന് മാറ്റം സംഭവിച്ചിട്ടില്ല. അവൻ ഇന്നും അപ്രകാരം തന്നെ ചെയ്യുന്നു. അല്ലെങ്കിൽ എല്ലാ മനുഷ്യരോടും സമാധാനത്തോടെ ആയിരിക്കുവാനുള്ള സാദ്ധ്യത നാം പുറന്തള്ളുമായിരുന്നു (മത്താ. 5:23, 24; റോമ. 12:18).

വൈവാഹിക ജീവിതത്തിലെ അവിശ്വസ്ഥത ഉടമ്പടിയോടുള്ള അനുസരണക്കേടാണ്. അവിഹിത ബന്ധങ്ങളെ നിഷ്കരുണം മുറിച്ചു മാറ്റിയില്ലെങ്കിൽ നമ്മുടെ വഴിപാടുകളുമായി ദൈവത്തിനു ഒരു കാര്യവുമില്ല (മലാ. 2:13–15). ക്രിസ്തുവും സഭയും തമ്മിലുള്ള കൂട്ടായ്മ നാം മനസ്സിലാക്കുന്നത് ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തിന്റെ മാഹാത്മ്യത്തിലൂടെയാണ് (എഫെ. 5:22–29).

## 3. അനുസരണം ശുശ്രൂഷയെക്കാൾ ശ്രേഷ്ഠം

ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടന്ന അവന്റെ മാതാപിതാക്കളിൽ നിന്നും സ്നാപകയോഹന്നാൻ തീർച്ചയായും അനുസരണം പഠിച്ചിരിക്കാം (ലൂക്കൊ. 1:6). അത് നിമിത്തം അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്ക് തിരിച്ചു വിടുകയായിരുന്നു അവന്റെ ശുശ്രൂഷ (ലൂക്കൊ. 1:17). ദൈവത്തിന്റെ നീതിയുടെ കല്പനകളെ പൂർത്തീകരിക്കുവാൻ തടസ്സമുണ്ടാക്കരുത് എന്ന ഒരേ കാരണത്താൽ മാത്രമാണ് യേശുവിനെ സ്നാനപ്പെടുത്തുവാൻ അവൻ സമ്മതിച്ചത് (മത്താ. 3:15). ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന് മുൻഗാമികളായിരിക്കുന്ന നമ്മുടെ ശുശ്രൂഷയും സന്ദേശവും രീതികളും ദൈവത്തോടുള്ള അനുസരണ സ്വഭാവത്തിൽ അധിഷ്ഠിതമായിരിക്കണം.

**യേശു, ശുശ്രൂഷ ആരംഭിച്ചത് അവന്റെ മുപ്പതാം വയസ്സിൽ മാത്രമാണ്.** അതുവരെയും പിതാവിന്റെ മുമ്പിൽ അനുസരണത്തോടെ നടക്കേണ്ടത് എങ്ങനെയെന്ന് അവൻ **അഭ്യസിക്കുകയായിരുന്നു.** അവന്റെ സമർപ്പണത്തിന്റെയും അനുസരണത്തിന്റെയും ആത്മാവിനെ അംഗീകരിച്ചുകൊണ്ട് അവന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ പിതാവ് ഇപ്രകാരം സാക്ഷിച്ചു: ‘‘ഇവനെന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” (മത്താ. 3:17). എല്ലാറ്റിലും പിതാവിനെ അനുസരിക്കേണം എന്നതൊഴികെ യേശുവിന് സ്നാനപ്പെടേണ്ടതിന്റെ യാതൊരു ആവശ്യവുമില്ലായിരുന്നു. ദൈവത്തിന്റെ ആന്തരീക സാക്ഷ്യം കൂടാതെ അവനായി പ്രവർത്തിക്കുവാൻ നാം ധൈര്യപ്പെടരുത്.

‘‘വിശ്വാസത്തിന്റെ അനുസരണത്തിലേക്ക്’’ ജനത്തെ ക്ഷണിക്കുന്നതാണ് സുവിശേഷീകരണം (റോമ. 16:25, 26). അനുസരണമില്ലാത്ത പുരുഷനും സ്ത്രീയും ജാതികളുടെ മദ്ധ്യേ ദൈവനാമത്തിന് അപമാനം വരുത്തുന്നവരായിരിക്കും (റോമ. 2:22, 23).

ഭാരതത്തിലെ സഭയ്ക്ക് സമൂഹത്തെ സ്വാധീനിക്കുവാൻ കഴിയാത്തത് എന്ത് എന്ന് നാം അത്ഭുതപ്പെടാറുണ്ടോ? ഉച്ചസ്വരവും ഉച്ചഭാഷിണിയും സമൂഹങ്ങളെ ചലിപ്പിക്കുകയില്ല. ചിന്തിക്കുന്ന ജനസമൂഹത്തോട് നിങ്ങൾ എന്തുകൊണ്ട് ക്രിസ്ത്യാനിയാകുന്നില്ല? എന്ന് ചോദിച്ചാൽ, ഒരു **സത്യക്രിസ്ത്യാനിയെ എന്നു കാണുന്നോ, അന്ന് ഞാൻ ക്രിസ്ത്യാനിയാകും എന്ന് ഗാന്ധിജി പറഞ്ഞ ഉത്തരം നൽകുവാനാണ് സാദ്ധ്യത.** നമ്മുടെമേലുള്ള ഈ നിന്ദയെക്കുറിച്ച് ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

പരിശുദ്ധാത്മാവ് തന്നെ അനുസരിക്കുന്നവരിലും തനിക്ക് കീഴ്പ്പെട്ടിരിക്കുന്നവരിലും സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുന്നു (അ.പ്ര. 5:32). അത് വ്യക്തിപരമായ ആത്മസമ്പാദനമോ (അ. പ്ര. 8:29) സുവിശേഷയോഗമോ (10:42) മിഷണറി മുന്നേറ്റമോ (13:2) ഏതായാലും അതിന്റെ പ്രധാന പ്രേരകശക്തി പരിശുദ്ധാത്മാവാണ്. പ്രാവിനെപ്പോലുള്ള സൗമ്യസ്വഭാവം കാരണം ദൈവത്തിനെതിരായ നമ്മുടെ അനുസരണക്കേടിന് പരിശുദ്ധാത്മാവ് ഉടനെ പ്രതികരിക്കാറില്ല. അവൻ നമ്മിൽ തുടർന്നും പ്രവചനം, രോഗശാന്തി, അത്ഭുതങ്ങൾ തുടങ്ങിയ കൃപാവരങ്ങളിലൂടെ പ്രവർത്തിച്ചെന്നുവരാം. ഈ വക ശുശ്രൂഷയിൽ വിജയവും, എന്നാൽ വ്യക്തിപരമായി ദൈവത്തോട് അനുസരണവും ഇല്ലെങ്കിൽ അപ്രതീക്ഷിതമായ അത്യാഹിതം നമ്മെ കാത്തിരിക്കുന്നു. "ഞാൻ അവരെ അറിയുന്നില്ല, എന്നെ വിട്ട് പോകുവിൻ" എന്ന വിധി കേൾക്കുമ്പോൾ സാഹചര്യത്തെ മാറ്റുവാൻ വളരെ താമസിച്ചിരിക്കും (മത്താ. 7:20–27). തന്റെ ഏറ്റവും വലിയ പ്രസംഗത്തിന്റെ അവസാനമായി യേശു ഈ മുന്നറിയിപ്പു നൽകുമ്പോൾ അനുസരിക്കുന്നവനെ ബുദ്ധിമാനായും അനുസരിക്കാത്തവനെ ഭോഷനായും താരതമ്യപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് നാം ശുശ്രൂഷയിൽ "എന്തു" ചെയ്യുന്നു എന്നതിനെക്കാൾ ഉപരി നാം ശുശ്രൂഷ "എങ്ങനെ" ചെയ്യുന്നു എന്നതിനാണ് പ്രാധാന്യം.

ദൈവത്തിനു സ്വീകാര്യമായ രീതിയിൽ ശുശ്രൂഷ അർപ്പിക്കുവാൻ തീക്ഷ്ണത മാത്രം മതിയായതല്ല. ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കിയതിനു ശേഷം ഇത് പൊതുവായി പറയരുതെന്ന് അവന് "കർശനമായ താക്കീതു" നൽകി. "അവനോ പുറപ്പെട്ടു വളരെ ഘോഷിപ്പാനും വസ്തുത പ്രസംഗിപ്പാനും തുടങ്ങി; അതിനാൽ യേശുവിനു പരസ്യമായി പട്ടണത്തിൽ കടപ്പാൻ കഴിയായ്ക കൊണ്ടു അവൻ പുറത്തു നിർജ്ജന സ്ഥലങ്ങളിൽ പാർത്തു" (മർക്കൊ. 1:45). അനുസരണക്കേട് ദൈവീക പ്രവർത്തനത്തെ എപ്രകാരം തടസ്സപ്പെടുത്തുന്നു എന്നു നോക്കുക. തിരുവചനം "എന്തു" "എങ്ങനെ" എന്നീ കാര്യങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് "എപ്പോൾ" എന്നു പറഞ്ഞു തരുന്നു. അനുസരിക്കുന്നവൻ ഭാഗ്യവാൻ.

സുവിശേഷം അറിയിക്കുന്നവർക്ക് എവിടെയും ഭീഷണികൾ വർദ്ധിച്ചു വരുന്നു. എന്തു വന്നാലും ഞാൻ ദൈവഹിതം അനുസരിക്കും എന്ന മനോഭാവം നമുക്കില്ലെങ്കിൽ നാം പിന്മാറും (അ. പ്ര. 4:19; 5:29). നമ്മുടെ അനുസരണം "പൂർണ്ണമാകുമ്പോൾ" മാത്രമേ സാത്താന്റെ കോട്ടകളെ മുഴുവനായും നശിപ്പിക്കുവാൻ നമുക്കു സാദ്ധ്യമാകൂ (2 കൊരി. 10:4–6). ദൈവത്തോട് അനുസരണക്കേട് കാണിക്കാത്ത ഒരു മനുഷ്യനോട് സാത്താനും അനുസരണക്കേട് കാണിക്കുവാൻ കഴികയില്ല! ഹല്ലേലൂയ!

## 4. അനുസരണം അനുഗ്രഹത്തെക്കാൾ ശ്രേഷ്ഠം

ക്രിസ്തീയ ലോകത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്ന അജ്ഞാനവും വിഗ്രഹാരാധനയും നിമിത്തം ഞാൻ വേദനിക്കുന്നു. ജാതികൾക്ക് സമ്പത്ത്, ആരോഗ്യം, ഭാവി, അറിവു തുടങ്ങിയ അനേകം കാര്യങ്ങൾക്ക് ദേവന്മാരും ദേവിമാരും ഉണ്ട്. ഈ ദേവീദേവന്മാരിൽ നിന്നും തങ്ങളുടെ ആവശ്യങ്ങൾ "ലഭിക്കുന്നതിന്" മാത്രമാണ് ജനം അവയോട് ഭക്തി പ്രകടനങ്ങൾ കാണിക്കുന്നത്. എന്നാൽ, വേദപുസ്തകത്തിലെ ഉപദേശം ഈ ചിന്താഗതിക്ക് തികച്ചും എതിരാണ്. ദൈവീക അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന്

അനുസരിക്കേണ്ടത് ഒരു നിബന്ധനയാണെന്നത് ശരി തന്നെ. എന്നാൽ, പ്രാഥമിക ആവശ്യങ്ങൾ നേടുക എന്ന ലക്ഷ്യത്തോടെയല്ല നാം ദൈവത്തെ അനുസരിക്കുന്നത്. ആധുനികമായ ആരോഗ്യ അഭിവൃദ്ധി സുവിശേഷത്തിന്റെ വേരിലുള്ള പ്രത്യക്ഷമായ തെറ്റുകളിലൊന്നാണ് ഇത്. ദൈവത്തോടുള്ള അനുസരണത്തിന്റെ നിർമ്മലമായ ലക്ഷ്യം അവനെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം. ഞാൻ അനുഗ്രഹിക്കപ്പെടുകയോ അനുഗ്രഹിക്കപ്പെടാതിരിക്കയോ ചെയ്യാം; എന്നാൽ ദൈവപ്രസാദമാണ് മുഖ്യമായത്. അവൻ കർത്താവാണ്; അതുകൊണ്ട് നാം അവനെ അനുസരിക്കുന്നു. മറ്റൊരു കാരണവും ഇല്ല. പത്തു കല്പനകളിൽ ആദ്യത്തേതിന്റെ യുക്തി: "യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു" (പുറ. 20:2).

അനുസരണം പഠിക്കുവാനായി നമുക്കു വീണ്ടും വീണ്ടും അബ്രഹാമിലേക്ക് തിരിയാം. ദൈവം അവനെ വിളിക്കുന്നതിനു മുൻപ് **അവനൊരു ദരിദ്രനായിരുന്നില്ല.** തന്റെ സ്വന്ത ദേശമായ **ഊരിൽ** അവൻ ഭൂമിയിലെ അനുഗ്രഹങ്ങളിൽ സമൃദ്ധമായി സന്തോഷിക്കുന്നവനായിരുന്നു. എന്നാൽ, അവനെ സംബന്ധിച്ചിടത്തോളം സ്ഥിരവാസത്തിലെ സുഖസൗകര്യങ്ങളെ മുറുകെ പിടിക്കുന്നതിനെക്കാളുപരി ദൈവത്തെ അനുസരിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിയത്. അനേകമനേകം വർഷങ്ങളായി അബ്രഹാം കാത്തിരുന്ന അനുഗ്രഹമാണ് യിസഹാക്. എന്നാൽ തന്റെ മടിയിലെ വാത്സല്യ അനുഗ്രഹത്തെ മുറുകെ പിടിക്കുന്നതിനെക്കാൾ വീണ്ടും ദൈവത്തെ അനുസരിക്കുന്നതാണ് പ്രധാനം എന്നു അവൻ തീരുമാനിച്ചു. അബ്രഹാമിന്റെയും സാറായുടെയും വാർദ്ധക്യകാലത്തിൽ സന്തോഷം കൊണ്ടുവന്ന **തങ്ങളുടെ മകനെ ബലിയർപ്പിക്കുവാനുള്ള ദൈവീക ആഹ്വാനത്തോട് "അതെ" പറയുവാൻ അവർ തയ്യാറായി** (എബ്രാ. 11:8, 9, 17, 18).

ദൈവമാണ് നമുക്ക് നിലങ്ങൾ, മൃഗസമ്പത്ത്, കുടുംബം എന്നിവ നൽകുന്നത്. അവ ദൈവീക അനുഗ്രഹങ്ങളാണ്. ദൈവത്തിന്റെ മിഷണറി

ആഹ്വാനത്തെ അനുസരിക്കുന്നതിന് ഈ അനുഗ്രഹങ്ങൾ നമ്മെ തടസ്സപ്പെടുത്തുന്നത് അവനെ എന്തു മാത്രം നിരാശപ്പെടുത്തുന്നു! നമ്മുടെ സ്വത്ത് നമുക്ക് ഒഴിവുകഴിവുകളായിത്തീരുന്നു! **"ഞാൻ ഒരു നിലം വാങ്ങിയതിനാൽ** അതു ചെന്നു കാണേണ്ടുന്ന ആവശ്യം ഉണ്ടു; എന്നോടു ക്ഷമിച്ചു കൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു". "**ഞാൻ അഞ്ചേർ കാളയെ** വാങ്ങിയിരിക്കുന്നു; അവയെ ശോധന ചെയ്‌വാൻ പോകുന്നു; എന്നോടു ക്ഷമിച്ചു കൊള്ളേണം" "ഞാൻ ഇപ്പോൾ **വിവാഹം കഴിച്ചിരിക്കുന്നു;** അതിനാൽ എനിക്കു വരുവാൻ കഴികയില്ല" (ലൂക്കൊ. 14:18 –20). ഭാവിയിൽ മിഷണറികളാകേണ്ട സ്ഥാനാർത്ഥികളുമായി ഞാൻ സംസാരിക്കുമ്പോൾ ഈ മൂന്നു ഒഴികഴിവുകളിലേതെങ്കിലും ഒന്ന് അവർ പറയുന്നു. അനുഗ്രഹത്തെക്കാൾ അനുഗ്രഹദാതാവ് പ്രധാനപ്പെട്ടതല്ലേ? പ്രിയ സ്നേഹിതാ, നിങ്ങൾ അവനെ അനുസരിക്കുകയില്ലേ?

നമ്മുടെ അനുസരണക്കേടിന് ബുദ്ധിപരമായ വാദഗതികൾ നാമും നിരത്തിവയ്ക്കും. "ഞാൻ ഈ അനുഗ്രഹങ്ങളെല്ലാം ദൈവവേലക്കു സഹായമായി ഉപയോഗിക്കും". ശമുവേൽ പ്രവാചകൻ ശൗൽ രാജാവിനോട് ചോദിച്ചപ്പോൾ അവനും ഇതു തന്നെ പറഞ്ഞു. "ഈ ആടുകളിലും കാളകളിലും മേൽത്തരമായവയെ ദൈവമായ യഹോവയ്ക്ക് യാഗം കഴിപ്പാൻ കൊണ്ടു വന്നിരിക്കുന്നു". പ്രിയമുള്ളവരെ, ദൈവത്തിനു നിങ്ങളെ ആണ് ആവശ്യം. നിങ്ങൾക്കുള്ളതിനെ അല്ല. നിങ്ങളുടെ തർക്കസൂത്രങ്ങളെ മതിയാക്കുവിൻ. അവന്റെ ശബ്ദം ശ്രവിക്കുക. അവന്റെ മുന്തിരിത്തോട്ടത്തിലെ വേലയിൽ മുന്നേറുക.

ദൈവം തന്റെ ദയയിൽ നാം അവനെ അനുസരിച്ചില്ലെങ്കിലും അനുഗ്രഹിച്ചുകൊണ്ടേയിരുന്നേക്കാം. ഒരു പിതാവ് അനുസരണവും അനുസരണക്കേടുമുള്ള മക്കൾക്ക് നന്മകളും ദാനങ്ങളും നൽകുന്നതു പോലെയാണിത്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മുടെ ജീവിതരീതിയെ അംഗീകരിക്കുന്നതിന്റെ അടയാളമല്ല. അനുഗ്രഹങ്ങളാൽ അന്ധരാകാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ!

അനുസരണത്തിന്റെ അനുഗ്രഹങ്ങളും അനുസരണക്കേടിനാൽ ലഭിക്കുന്ന നന്മകളും നാം വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. **നാം സർക്കാരിന്റെ നിയമങ്ങൾ ലംഘിക്കയും ആദായനികുതി വകുപ്പിനെ കബളിപ്പിക്കയും ചെയ്താൽ നമ്മുടെ സമ്പാദ്യമെല്ലാം കുതിച്ചു കയറും. ഇപ്രകാരം നേടിയ സമ്പത്തിൽ നിന്നും ദശാംശവും വഴിപാടും ദൈവത്തിന് അർപ്പിക്കുന്നത് അവന് വെറുപ്പാണ്** (റോമ. 13:1–7). സാത്താൻ ആകർഷകമായ വാഗ്ദാനങ്ങൾ നൽകി നമ്മെ പിൻതുടരും. നാം ഏതെങ്കിലും വിട്ടുവീഴ്ച ചെയ്താൽ മാത്രമെ അവ നമ്മുടേതായിത്തീരുകയുള്ളൂ. കള്ളക്കണക്കെഴുതുന്നതു മൂലവും സ്ഥാനക്കയറ്റത്തിനുള്ള വാഗ്ദാനം; പ്രവേശന അപേക്ഷയിലെ ചെറിയ തിരുത്തൽ മൂലം ഉദ്യോഗലഭ്യത അല്ലെങ്കിൽ സ്കോളർഷിപ്പ്, ഇത്യാദി. ബാലാക് രാജാവിന്റെ വിശ്വസിക്കുവാൻ പ്രയാസമുള്ള പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്തപ്പോൾ ബിലെയാം പ്രവാചകൻ പറഞ്ഞ മറുപടി എന്നേക്കുമുള്ള സത്യമാണ്: **"ബാലാക് തന്റെ ഗൃഹം നിറച്ച് വെള്ളിയും പൊന്നും എനിക്കു തന്നാലും എന്റെ ദൈവമായ യഹോവയുടെ കല്പന ലംഘിച്ചു ഏറെയോ കുറെയോ ചെയ്‌വാൻ എനിക്കു കഴിയുന്നതല്ല"** (സംഖ്യ. 22:18).

## 5. അനുസരണം ദീർഘായുസ്സിനേക്കാൾ ശ്രേഷ്ഠം

ദീർഘകാലം ജീവിക്കണമെന്ന ആഗ്രഹം മനുഷ്യന്റെ ജന്മസിദ്ധമായുള്ളതാണ്. എന്നാൽ **എത്രകാലം ജീവിച്ചു എന്നതല്ല, എങ്ങനെ ജീവിച്ചു എന്നതിനാണ് പ്രാധാന്യം.** ആയുഷ്കാലയളവ് കണക്കാക്കാതെ ദൈവഭയവും അനുസരണവുമുള്ള ജീവിതത്തിന്റെ അനുഗ്രഹത്തെക്കുറിച്ച് ശലോമോൻ തന്റെ ജ്ഞാനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "പാപി നൂറു പ്രാവശ്യം ദോഷം ചെയ്കയും ദീർഘായുസ്സോടെ ഇരിക്കയും ചെയ്യുന്നുണ്ടെങ്കിലും ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാർക്ക് നന്മ വരുമെന്നു ഞാൻ നിശ്ചയമായി അറിയുന്നു. എന്നാൽ, ദുഷ്ടനു നന്മ വരികയില്ല" (സഭാ. 8:12, 13).

ദീർഘായുസ്സിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നതിനു പകരം ഇപ്രകാരം പ്രാർത്ഥിക്കുക: **"കർത്താവേ, ഈ ലോകത്തിൽ എത്ര കാലം ഞാൻ ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവോ, അത്രയും കാലം അങ്ങയെ അനുസരിച്ചു നടക്കാൻ എന്നെ സഹായിക്കേണമേ''.** അതായിരുന്നു സെഖര്യാവിന്റെ പ്രാർത്ഥനാഗീതം: "നാം ആയുഷ്കാലം ഒക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും അവനെ ആരാധിപ്പാൻ കൃപ തരേണമേ" (ലൂക്കൊ. 1:24, 25). ഭൂമിയിലെ ജീവിതം നിത്യജീവിതത്തിലേക്കുള്ള ഒരുക്കമത്രേ എന്ന് പക്വത പ്രാപിച്ച വിശുദ്ധന്മാർ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കുന്നു. നിത്യതയുടെ വെളിച്ചത്തിൽ ഈ ഭൂമിയിലെ ജീവിതം 40 അല്ലെങ്കിൽ 80 വർഷമായിക്കൊള്ളട്ടെ. അതിൽ യാതൊരു കാര്യവുമില്ല. യേശുവിൽ ഓരോ ദിവസവും അനുസരണത്തോടെ ജീവിക്കുന്നതിലാണ് കാര്യം.

ദൈവത്തിന്റെ പരമമായ ദൗത്യം ഗൗരവമായി ഏറ്റെടുക്കുന്നതുമൂലം ഒരു വ്യക്തിയുടെ ജീവിതകാലം ശാരീരികവും മാനസികവുമായ തളർച്ചയും രോഗവും, രക്തസാക്ഷിത്വവും മൂലം ചുരുങ്ങിയേക്കാം. ഹിന്ദുക്കളുടെ പടയെടുപ്പും മുസ്ലീങ്ങളുടെ മതതീക്ഷ്ണതയും ആദിവാസികളുടെ മതാനുഷ്ഠാനങ്ങൾ തുടങ്ങിയവയുടെ നവോത്ഥാനവും തീവ്രതയും സുവിശേഷീകരണ പ്രവർത്തകരെ ഒരു പക്ഷെ രക്തസാക്ഷിത്വത്തിൽ നിന്നുപോലും ഒഴിഞ്ഞു മാറുവാൻ കഴിയാത്തവിധം ആക്കിത്തീർത്തേക്കാം. എന്നാൽ ക്രിസ്തുവിന്റെ കല്പനകൾ അനുസരിച്ചു മുൻഗമിക്കുന്ന നാം തളർന്നു പോകാതിരിക്കുവാൻ അവൻ നമ്മെ മുൻപേ തന്നെ ശക്തീകരിച്ചിട്ടുണ്ട്. "ഞാൻ ഇരുട്ടത്തു നിങ്ങളോട് പറയുന്നതു വെളിച്ചത്തു പറവിൻ: ചെവിയിൽ പറഞ്ഞു കേൾക്കുന്നതു പുരമുകളിൽ നിന്നു ഘോഷിപ്പിൻ; **ദേഹിയെ** കൊല്ലുവാൻ കഴിയാതെ **ദേഹത്തെ** കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട; ദേഹിയെയും ദേഹത്തെയും കൊന്നിട്ടു നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ" (മത്താ. 10:27, 28).

ഹെരോദാവ് രാജാവിന്റെ രഹസ്യ ജീവിതത്തെക്കുറിച്ച് ഇരുട്ടത്ത് ദൈവം തന്നോട് സംസാരിച്ചത് സ്നാപകയോഹന്നാൻ വെളിച്ചത്തു വിളിച്ചു പറഞ്ഞു. അതിനുവേണ്ടി തന്റെ തലയെ കാഴ്ച വെക്കേണ്ടി വന്നു. അവൻ തന്റെ 35–ാമത്തെ ജന്മദിനം പോലും ആഘോഷിക്കുവാൻ കഴിഞ്ഞില്ല. യോഹന്നാൻ ഒഴികെ മറ്റു പന്ത്രണ്ടു അപ്പൊസ്തലന്മാരും രക്തസാക്ഷികളായി മരിച്ചു. അവർ ലോകം മുഴുവനും ദൈവത്തിന്റെ വലിയ നിയോഗത്തിനെ അനുസരിച്ചു കൊണ്ട് സഞ്ചരിച്ചു. ദൈവത്തെ അനുസരിക്കുന്നത് മാത്രമാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവർ കരുതിയതുകൊണ്ട് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു (എബ്രാ. 11:35).

അന്ത്യകാലത്തിന്റെ അന്ത്യനിമിഷങ്ങൾ സമീപത്തായിരിക്കുന്നു. അനുസരണം കെട്ടവരുടെ മേൽ ദൈവകോപം വന്നുകൊണ്ടിരിക്കുന്നു (കൊലൊ. 3:6). അനുസരണക്കേടിന്റെ ആത്മാവ് എല്ലായിടത്തും ഉഗ്രവിഷശക്തിയോടെയും ഊർജ്ജസ്വലതയോടെയും പ്രവർത്തിക്കുന്നു. തെരെഞ്ഞെടുക്കപ്പെട്ട നാം സൂക്ഷ്മതയോടും ജാഗ്രതയോടും ആയിരുന്നില്ലെങ്കിൽ ഈ കാലത്തിന്റെ ആത്മാവിന് അറിയാതെ വഴങ്ങിപ്പോകും.

**സിംഹാസനത്തിലിക്കുന്ന** ദൈവത്തെ സമ്പൂർണ്ണമായി അനുസരിക്കുന്ന **സ്ഥലമാണ് സ്വർഗ്ഗം.** അനുസരണക്കേടില്ലാത്ത സ്ഥലം എന്ന് അത് അറിയപ്പെടുന്നു. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും അവന്റെ കല്പനകൾ പ്രമാണിക്കുന്നവൻ ഭാഗ്യവാൻ (വെളി. 22:14).

**- R. Stanly**

## എന്റെ SMS നമ്പർ 9894261333

എന്നോട് ഫോണിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് എന്റെ **ഓഫീസ് മൊബൈൽ നമ്പർ 9894261333.** ഈ നമ്പറിൽ എസ്.എം.എസ്. ചെയ്യുകയോ അല്ലെങ്കിൽ മിസ്ഡ് കോൾ ചെയ്യുകയോ ചെയ്താൽ എനിക്ക് സമയം കിട്ടുമ്പോൾ ഞാൻ തന്നെ നിങ്ങളെ വിളിച്ച് സംസാരിച്ച് പ്രാർത്ഥനാ വിഷയങ്ങളെ ചോദിച്ച് അപ്പോൾ തന്നെ നിങ്ങൾക്ക് വേണ്ടി **പ്രാർത്ഥിക്കുന്നതാണ്. മറ്റു നമ്പറിൽ വിളിച്ചാൽ കിട്ടാൻ പ്രയാസമാണ്.**

**MAY - 2021**

Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription :**
India - Rs.60/
Foreign - Rs.600/

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**